(ബി) ടൂറിസം വകുപ്പ് പാലക്കാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ബ്രോഷറുകൾ, സി.ഡി.കൾ എന്നിവ പാലക്കാട് ഡി.റ്റി.പി.സി. വഴി വിതരണം ചെയ്യുന്നു. കൂടാതെ ടൂറിസ്റ്റുകൾക്ക് ഇൻഫർമേഷൻ നൽകുന്നതിനായി ഡി.റ്റി.പി.സി. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ നടത്തി വരുന്നു. പ്രധാനപ്പെട്ട ടൂറിസം സെന്ററുകളിൽ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക തരത്തിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നവീകരണ പദ്ധതികളും നടത്തിവരുന്നുണ്ട്.

(സി) മലമ്പുഴ നെല്ലിയാമ്പതി, പറമ്പിക്കുളം, പാലക്കാട് കോട്ട, ഡോണി വാട്ടർ ഫാൾസ്, മീൻ വല്ലം, ശിരുവാണി ഡാം, കാഞ്ഞിരമ്പുഴ ഡാം, സൈലന്റ് വാലി, കുഞ്ചൻ നമ്പ്യാർ സ്മാരകം, മംഗലം ഡാം, പോത്തുണ്ടിഡാം അനങ്ങൻ മല എന്നിവയാണ് പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം ആകർഷണങ്ങൾ. മലമ്പുഴ മംഗലം ഡാം, പാലക്കാട് കോട്ട, പോത്തുണ്ടി ഡാം, അനങ്ങൻ മല, കാഞ്ഞിരമ്പുഴ ഡാം, കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നിവിടങ്ങളിലൊക്കെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബ്രോഷറുകൾ പുറത്തിറക്കുകയും അവ ടൂറിസ്റ്റുകൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം

71 (5989) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്താനായി വയനാട് ജില്ലയിൽ നിന്ന് പഞ്ചായത്തുകൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾക്കാണ് ടൂറിസം വകുപ്പ് പണം അനുവദിച്ചത് ;

(ബി) പ്രസ്തുത പദ്ധതി പ്രചരിപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനുമുള്ള വയനാട് ജില്ലയിലെ നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ അനുബന്ധ പദ്ധതിയായ 'സപര്യ'യുടെ വയനാട് ജില്ലയിലെ പുരോഗതി വിശദമാക്കുമോ ;

(ഡി) വൃത്തിഹീനവും അനാരോഗ്യകരവുമായ ചുറ്റുപാടുകൾക്ക് മാറ്റം വരുത്താൻ ആരംഭിച്ച ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ വയനാട് ജില്ലയിലെ പുരോഗതി വിലയിരുത്തിയിരുത്തിയിട്ടുണ്ടോ ; എങ്കിൽ തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. പദ്ധതികൾക്കൊന്നും പണം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോഡൽ ഏജൻസി ആയി ആരെയും നിയമിച്ചിട്ടില്ല.

(സി) സപര്യ അനുബന്ധ പദ്ധതിയല്ല. സപര്യ വയനാട് ജില്ലയിൽ നടപ്പാക്കുന്നില്ല.

(ഡി) ഉണ്ട്. പൊതുവെ വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ ശുചിയായി സൂക്ഷിക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൽ സഹായകര മാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ഗൃഹസ്ഥലി പദ്ധതി

72 (5990) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരത്തിന്റെ ഭാഗമായി ഗൃഹസ്ഥലി പദ്ധതി പ്രകാരം സംസ്ഥാനത്ത് പുരാതന തറവാടുകളും, ബംഗ്ലാവുകളും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ എത്രയെണ്ണം സംരക്ഷിച്ചുവെന്നും അവ എവിടെയെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഇവ ടൂറിസ്റ്റുകൾക്ക് അഭയകേന്ദ്രമായി നൽകുന്നുണ്ടോ ; എങ്കിൽ ഇത്തരം കേന്ദ്രങ്ങളിലൂടെ ടൂറിസ്റ്റുകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇത്തരത്തിൽ 42 എണ്ണം സംരക്ഷിച്ചിട്ടുണ്ട്. ഇവ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ്.

(ബി) ഉണ്ട്. ടൂറിസ്റ്റുകൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ യൂണിറ്റിലും ഒരുക്കുന്ന സൗകര്യം വ്യത്യസ്തമായിരിക്കും.

പൈതൃകം സർക്യൂട്ട് പദ്ധതി

73 (5991) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്. ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കേന്ദ്രമായി ആരംഭിക്കുന്ന പൈതൃകം സർക്യൂട്ട് പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടു ത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly